

In a nutshell, Father Vineeth, with whom I lived for three years, was endowed with the following qualities as the letters of his name stand for:

V = Virtuous, voracious, and visionary

I = Idyllic, industrious, and illustrious

N= Natural, noble, and numinous

E = Enigmatic, enlightened, and esthetical

E = Elated, enthusiastic, and esteemed

T = Tempean, tranquil, and transcendent

H = Harmonious, humble, and heralded

Oh, great and venerable soul, intercede for us!



## Antony Ferror Vadakkumcherry CMI

### Rajagiri, Kalamassery

സി.എം.ഐ. സഭയിൽ നവസന്യാസകാലം മുതൽ എന്റെ ബാച്ചുകാരനായിരുന്നു ബഹുമാനപ്പെട്ട വിനീതച്ചൻ. ഞങ്ങളുടെ ബാച്ചിലെ ബഞ്ചമിൻ. അന്നേ പഠനത്തിലും ബുദ്ധിശക്തിയിലും മികവുകാട്ടിയിരുന്നു. ബാച്ചിൽ എപ്പോഴും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയിരുന്നു വിനീതച്ചൻ. ഉള്ളതു പറയാനും, അതു സങ്കോചം കൂടാതെ പറയാനും അദ്ദേഹം ധൈര്യം കാട്ടിയിരുന്നു. പട്ടമേറ്റയുടനെ വൈദികർക്കു വേണ്ടി ഒന്നോ രണ്ടോ ധ്യാനം നടത്തിയിരുന്നുവെന്നാണ് എന്റെ ഓർമ്മ. പിന്നീട് ഉപരിപഠനശേഷം കൂടുതലും ഭാരതീയ രീതിയിലുള്ള ധ്യാനശൈലികളാണ് അദ്ദേഹം തുടർന്നത്. പിന്നീട് പലയിടത്തും വച്ച് കാണുകയും, ഉള്ളുതുറന്നു സംസാരിക്കുകയും, ഉറക്കെ ചിരിക്കുകയും ചെയ്തതോർക്കുന്നു. മുമ്പേ കടന്നു പോയ ഇളയ സഹോദരവൈദികന് എന്റെ പ്രണാമം! പ്രാർത്ഥനകൾ!